**File No.DT/1217/2019-H2**

<u>**വളരെ അത്യാവശ്യം**</u>

"ഭരണഭാഷ-മാതൃഭാഷ"

**വ്യാവസായിക പരിശീലനവകുപ്പ്**

**(കേരളസംസ്ഥാനം)**

തൊഴിൽ ഭവൻ,
തിരുവനന്തപുരം

നമ്പർ: DT/1217/2019-H2 (1) തീയതി: 04/10/2019

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - സർട്ടിഫിക്കറ്റ് വിഭാഗം - സെപ്റ്റംബർ 2019 വരെ പെന്റിംഗ് ഉള്ള എല്ലാ സർട്ടിഫിക്കറ്റും (COE എൻ.ടി.സികളും എൻ.എ.സികളും) DGT യുടെ മേലൊപ്പ് ചാർത്തുന്നത് - സംബന്ധിച്ച്.

സൂചന:- 26/9/2019 തീയതിയിലെ DGT-18017/29/94-TTC നമ്പരായ DGT യിൽ നിന്നുള്ള കത്ത്.

സംസ്ഥാനത്തെ വിവിധ ഐ.ടി.ഐ കളിൽ നിന്നും വിവിധ വർഷങ്ങളിൽ സി.ഒ.ഇ ട്രേഡ് ടെസ്റ്റും ആർ ഐ സെന്ററുകളിൽ നിന്നും അഖിലേന്ത്യ അപ്രന്റിസ്ഷിപ്പ് ട്രേഡ് ടെസ്റ്റും വിജയിച്ച ട്രെയിനികളിൽ ഇനിയും സർട്ടിഫിക്കറ്റ് (COE എൻ.ടി.സി, എൻ.എ.സി) ലഭിക്കുവാനുള്ളവർക്ക് ആയത് ലഭ്യമാക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിച്ച് ആയവ മേലൊപ്പിനായി 15/11/2019 നകം DGT യിൽ എത്തിയ്ക്കണമെന്ന് സൂചന കത്ത് പ്രകാരം DGT യിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). ആയതിനാൽ പെന്റിംഗ് ഉള്ള COE എൻ.ടി.സി, എൻ.എ.സി എന്നിവ അടിയന്തിരമായി ഈ കാര്യാലയത്തിൽ **15/10/2019** ന മുൻപ് ഹാജരാക്കേണ്ടതാണ്. ആയതിനാൽ സ്ഥാപനത്തിൽ നിന്നും പാസ്സായ ട്രെയിനികൾക്ക് വേണ്ടി ബ്ലാങ്ക് COE എൻ.ടി.സി, ബ്ലാങ്ക് എൻ.എ.സി എന്നിവ ഇനിയും ലഭിക്കുവാനുണ്ടെങ്കിൽ ആയത് എത്രയും വേഗം ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും കൈപ്പറ്റേണ്ടതും ആയവ **15/10/2019** നകം പൂരിപ്പിച്ച് സമർപ്പിക്കേണ്ടതുമാണ്. കൂടാതെ മേലൊപ്പിനായി ട്രെയിനിംഗ് ഡയറക്ടറേറ്റിൽ സമർപ്പിച്ചിരുന്നപ്പോൾ അപാകത കണ്ടെത്തിയതിനാൽ മേലൊപ്പ് ചാർത്താൻ സാധിച്ചിട്ടില്ലാത്തതായ സർട്ടിഫിക്കറ്റുകൾക്ക് (COE, NTC, NAC) പകരം ബ്ലാങ്ക് സർട്ടിഫിക്കറ്റുകൾ വാങ്ങുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ആയവ പൂരിപ്പിച്ച് **15/10/2019** നകം ഈ കാര്യാലയത്തിൽ തിരികെ സമർപ്പിക്കേണ്ടതുമാണ്. സർട്ടിഫിക്കറ്റുകൾ മേലൊപ്പിനായി സമർപ്പിക്കുമ്പോൾ ചുവടെ ചേർത്തിട്ടുള്ളത് പ്രകാരം നിശ്ചിത മാതൃകയിൽ വിവരം (സോഫ്റ്റ് കോപ്പിയായും)ലഭ്യമാക്കേണ്ടതാണ്.

| Sl No | Name of trainee | Father's name | Name of the Institute | Trade | Session From | To | Passing year | Certificate No | Reason for delay |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |

ഫിസിക്കൽ സർട്ടിഫിക്കറ്റുകൾ (COE NTC & NAC) നിർത്തലാക്കാൻ DGT തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ മേൽ പ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ മേലൊപ്പിനായി 15/11/2019 ന് ശേഷം ഡി.ജി.ടി യിൽ കൊണ്ടുപോകുവാൻ സാധിക്കുകയില്ല എന്നതിനാൽ സർട്ടിഫിക്കറ്റുകൾ പൂരിപ്പിച്ച് സമർപ്പിക്കുന്നതിന് സമയപരിധി പാലിക്കുന്നതിനു

File No.DT/1217/2019-H2

ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ശ്രദ്ധിക്കേണ്ടതാണ്. നിശ്ചിത സമയ പരിധി കഴിഞ്ഞ് ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതല്ല എന്ന വിവരം കൂടി ശ്രദ്ധയിൽ പെടുത്തുന്നു.

SPECIAL OFFICER
DHARMARAJAN K S
ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

പ്രിൻസിപ്പാൾ
ഐ.ടി.ഐ ധനുവച്ചപുരം/ആര്യനാട്/ചാക്ക/(വ)കഴക്കൂട്ടം/ആറ്റിങ്ങൽ/ചന്ദനത്തോപ്പ്/(വ)കൊല്ലം
/ചെന്നീർക്കര/ഏറ്റുമാനൂർ/കട്ടപ്പന/കളമശ്ശേരി
/ചെങ്ങന്നൂർ/പള്ളിക്കത്തോട്
/ചാലക്കുടി/മാള/മലമ്പുഴ/അരീക്കോട്/കൽപ്പറ്റ/കോഴിക്കോട്/കണ്ണൂർ/കാസർഗോഡ്.
എല്ലാ ആർ ഐ സെന്റർ ട്രെയിനിംഗ് ഓഫീസർമാർക്കും,
വെബ്സൈറ്റിൽ അപ്പ് ലോഡിംഗ് നടത്തുന്നതിനായി ശ്രീ. മനോജ് മാത്യു ( ജെ.എ.എ. (സി.))
പകർപ്പ് - എല്ലാ I.T മാർക്കും